# സെന്റ് മേരീസ് എൽ. പി. എസ്.

## ചാക്കോംഭാഗം



# സ്കൂൾ അക്കാദമിക

# മാസ്റ്റർ പ്ലാൻ - 2025 -2026

Scanned with OKEN Scanner

## PROFILE

| | | |
|---|---|---|
| Name of School | : | St. Mary's L.P.S., Chackombhagom |
| Date of Establishment | : | 1923 |
| Name of Village | : | Kallooppara |
| Name of Panchayat | : | Kallooppara |
| Name of Revenue District | : | Pathanamthitta |
| Name of Edn. District | : | Thiruvalla |
| Name of Sub-district | : | Mallappally |
| Name of H.M. | : | Smt. Gracy Joseph |
| Mob. Number | : | 8606837604 |
| School Code | : | 37511 |
| Name of CRC | : | Kallooppara G.L.P.S. |
| B.R.C. | : | B.R.C., Mallappally |

Scanned with OKEN Scanner

# ആമുഖം

കുട്ടിയുടെ സമഗ്ര വികാസമാണ് ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. സമഗ്രവികാസമെന്നാൽ കുട്ടിയുടെ വൈജ്ഞാനിക, വൈകാരിക സാമൂഹിക മേഖലകളിലെ വളർച്ചയാണ്. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ പ്രേരിപ്പിച്ചും പ്രോത്സാഹിപ്പിച്ചും നിരന്തരവും സമഗ്രവുമായ പങ്കാളികളാവാൻ പ്രേരിപ്പിച്ചും പ്രോത്സാഹിപ്പിച്ചും നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ നടത്തിയുമാണ് ഒരു വിദ്യാലയം ഈ നേട്ടം കൈവരിക്കാൻ ശ്രമിക്കുന്നത്. മുഴുവൻ കുട്ടികളെയും എഴുത്തിലും വായനയിലും മുൻപന്തിയിൽ എത്തിക്കുക, കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുക ഇവയാണ് ഈ സ്കൂൾ ലക്ഷ്യമിടുന്നത്. അതോടൊപ്പം അറിവു നിർമ്മാണത്തിനുള്ള മുഴുവൻ സാഹചര്യങ്ങളും സ്കൂളിൽ ഉൾപ്പെടുത്തിക്കൊണ്ട് സ്കൂളിനെ മികച്ച സ്കൂളാക്കി മാറ്റുക എന്നതും മുന്നിൽ കാണുന്നു. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വാതന്ത്ര്യവും ശിശുസൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കുകയും ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് വിദ്യാലയം മികവുറ്റതാക്കുകയും ചെയ്യാൻ ഞങ്ങൾ ശ്രമിക്കുന്നു.

## ചരിത്രം

മലങ്കര കത്തോലിക്കാ സഭ തിരുവല്ല അതിരൂപതയുടെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള ഈ സ്കൂൾ 1923 ലാണ് സ്ഥാപിതമായത്. മല്ലപ്പള്ളി - തിരുവല്ല റോഡിൽ കടമാൻകുളം എന്ന സ്ഥലത്ത് കല്ലൂപ്പാറ ഗവ. ആശുപത്രിക്ക് സമീപമാണ് ഈ സ്കൂൾ. ചരിത്ര പ്രസിദ്ധമായ കല്ലൂപ്പാറ വലിയപള്ളി, ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ IHRD എൻജിനീയറിംഗ് കോളേജ് ഇവ ഈ സ്കൂളിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്നു. നിലവിൽ നേഴ്സറി തലം മുതൽ 4-ാം ക്ലാസ് വരെ 40 കുട്ടികൾ പഠിക്കുന്നു. പ്രധാനാദ്ധ്യാപിക ഉൾപ്പെടെ 4 അധ്യാപകർ ഈ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്നു.

## അക്കാദമിക മികവുകൾ

മലയാളത്തിളക്കം, ശ്രദ്ധ, ഹലോ ഇംഗ്ലീഷ്, ഗണിത വിജയം, പൊതുവിജ്ഞാനം, നിപുൺ ഭാരത് എന്നീ പരിശീലന പരിപാടികളിലൂടെ അടിസ്ഥാന അറിവുകളും എഴുത്തും വായനയും എല്ലാ കുട്ടികളും സ്വായത്തമാക്കി. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളുടെ വികസനത്തിനായി വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തിക്കുന്നു. 2024-25 വർഷത്തിൽ കലോത്സവം, ശാസ്ത്ര - പ്രവർത്തി പരിചയമേള എന്നിവയ്ക്ക് കുട്ടികൾക്ക് വിവിധ ഗ്രേഡുകൾ ലഭിച്ചു.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതീക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതീകാന്തരീക്ഷം മാറ്റിയെടുക്കുക.
- പുതുതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- വിദ്യാലയത്തെ അറിവിന്റെയും മികവിന്റെയും കേന്ദ്രമാക്കുക.

Scanned with OKEN Scanner

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

### അക്കാദമികം

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ കഴിയുന്നില്ല.
2. ഭിന്നനിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
3. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
4. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
5. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
6. ക്ലാസ്സ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.

### ഭൗതീകം

1. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.
2. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.
3. സ്മാർട്ട് ക്ലാസ് റൂമിന്റെ അഭാവം.
4. കളിസ്ഥലത്തിന്റെ അഭാവം.

## മലയാളം

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അക്ഷരങ്ങൾ ഉറപ്പാക്കുന്നതിനും ഭാഷാ വിനിമയശേഷി വർദ്ധിപ്പിക്കുന്നതിനും | അക്ഷരമരം<br>വാക്കുമരം<br>അക്ഷരപ്പാട്ട് | പാഠഭാഗത്തു വരുന്ന അക്ഷരങ്ങൾ (I, II) കൊണ്ട് അക്ഷരമരവും വാക്കുകൾ കൊണ്ട് (III, IV) വാക്കുമരവും നിർമ്മിക്കുന്നു. അക്ഷരപ്പാട്ടുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | ചിത്രവായന<br>വായനക്കുറിപ്പ് തയ്യാറാക്കൽ<br>വായന കാർഡ് | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കാർഡ് തയ്യാറാക്കൽ | ആഴ്ചയിൽ | ക്ലാസ് ടീച്ചർ<br>SRG | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ക്ലാസ് തല പതിപ്പുകൾ<br>ക്ലാസ് തല മാഗസിനുകൾ | ഓരോ മത്സരത്തിലെ പഠന പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല പതിപ്പുകൾ തയ്യാറാക്കൽ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

# ഗണിതം

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | ഗണിതമൂല | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട്, സ്ഥാന വിലപ്പോക്കറ്റ്, പാറ്റേണുകൾ, തുടങ്ങിയവ) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | ഗണിത മാർക്ക് ഷീറ്റ് തയ്യാറാക്കൽ | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നോട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | ക്ലാസ് ടീച്ചർ | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിത മധുരം | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ICT സാധ്യത ഉപയോഗിച്ച് ഗുണനവും ഹരണവും എളുപ്പവഴി പരിശീലിപ്പിക്കുന്നു.<br>ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നു. | എല്ലാ മാസവും | SRG<br>ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | പരീക്ഷണ കിറ്റ് | മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | ശേഖരണം<br><br>എന്റെ പരീക്ഷണം | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വസ്തുക്കൾ എന്നിവ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു.<br><br>പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | പ്രകൃതി നടത്തം | ചുറ്റുപ്പാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ മനസ്സിലാക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ<br>SRG | |
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക | ദിനാചരണങ്ങൾ | ദേശീയ പ്രാധാന്യമുള്ള ദിനാചരണങ്ങൾ നടത്തുന്നു.<br>കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | SRG<br>PTA | |

Scanned with OKEN Scanner

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം നൽകൽ | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷ് ബുള്ളറ്റിൻ | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ തയ്യാറാക്കുന്നു.<br>ജൂൺ - പരിസ്ഥിതി,<br>ജൂലൈ - ചന്ദ്രൻ,<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ - ഓണം തുടങ്ങിയവ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഇംഗ്ലീഷ് വർക്ക് ഷീറ്റ് ശിൽപശാല | ഭിന്നനിലവാരത്തിലുള്ള കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | SRG | |

Scanned with OKEN Scanner

# സാമൂഹികം

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സാമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി സമ്മേളനം | പൂർവ്വ വിദ്യാർത്ഥി സമ്മേളനം വിളിച്ചു ചേർക്കുന്നു. വിദ്യാലയത്തിന്റെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നു. | വർഷത്തിൽ | HM, SRG<br>PTA | |
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യസ്ഥാപനങ്ങളുടെ പ്രധാന്യം തിരിച്ചറിയുന്നതിന് | ഫീൽഡ് ട്രിപ്പ്<br>വിനോദ യാത്ര | പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി, റെയിൽവേ സ്റ്റേഷൻ മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ ടേമിൽ<br>വർഷത്തിൽ | ക്ലാസ് ടീച്ചർ<br>SRG, PTA | |
| അധ്യാപക രക്ഷാകർതൃ ബന്ധം ശക്തമാക്കുക | PTA, MPTA | PTA, MPTA യോഗങ്ങൾ ശക്തിപ്പെടുത്തുന്നു. രക്ഷാകർത്താക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ | വർഷത്തിൽ 4 പ്രാവശ്യം | PTA<br>MPTA<br>SRG | |

Scanned with OKEN Scanner

## കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുക | സർഗവേദി | എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്ക് 1 മുതൽ 2 വരെ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിക്കുന്നു. | എല്ലാ ആഴ്ചയിലും | C. J. Teacher<br>PTA | |
| നിർമാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തിപരിചയ ശിൽപശാല | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | എല്ലാ ആഴ്ചയിലും | റിസോഴ്സ് പേർസൺ | |

## ആരോഗ്യകായികം

| | | | | | |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക | കായികാരോഗ്യം | എല്ലാ ദിവസവും അസംബ്ലിയിൽ വ്യായാമം അത്‌ലറ്റിക് പരിശീലനം, യോഗ എയ്റോബിക്സ് പരിശീലനം | എല്ലാ ദിവസവും | SRG | |
| ആരോഗ്യമുള്ള ശരീരത്തെ രൂപപ്പെടുത്തുക | മെഡിക്കൽ ക്യാമ്പ് | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്ക് വൈദ്യ പരിശോധന നടത്തുന്നു. | വർഷത്തിൽ ഒരിക്കൽ | HM<br>PTA<br>Health Dept. | |

Scanned with OKEN Scanner